# Hygiene program

കേരളത്തിൽ അതിവേഗത്തിൽ പടർന്നു പിടിക്കുന്ന പകർച്ച പനി തടയുന്നതിനായി , വകുപ്പുതലത്തിൽ ഓഫീസുകളിലും/സ്റ്റേഷനുകളിലും, പരിസരങ്ങളിലും 04/07/17 മുതൽ 06/07/17 വരെ ശുചീകരണം നടത്തുന്നത് സംബന്ധിച്ച് ബഹു. സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് ജില്ലയിലുടനീളം പറയുന്ന ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.



കോട്ടയം ജില്ലയിലെ ശുചീകരണ പ്രവർത്തനം കോട്ടയം ജില്ലാ പോലീസ് ആഫീസ് പരിസരത്തു ജില്ല പോലീസ് മേധാവി ശ്രീ എൻ രാമചന്ദ്രൻ ഐ പി എസ് ന്റെ നേതൃത്വത്തിൽ തുടങ്ങുകയും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരായ ശ്രീ. ജെ.സന്തോഷ്കുമാർ, ശ്രീ,വിനോദ് പിള്ള, ശ്രീ.ഗിരീഷ്.പി .സാരഥി എന്നീ പോലീസ് ആഫീസർമാരും ജില്ലാ പോലീസ് ആഫീസിലെ എ.എ.ശ്രീമതി.റെയ്ച്ചൽജോർജ്, മാനേജർ S.സുജയ, എ.ഓ P.A ജാസ്മിൻഎന്നിവരുടെയും ജില്ലാ പോലീസ് ആഫീസ് കോംപ്ലക്സിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥരും മിനിസ്റ്റീരിയൽ ജീവനക്കാരും സംയുക്തമായി ചേർന്ന് ആഫീസ് പരിസര ശുചീകരണം നടത്തിയിട്ടുള്ളതാണ്.

ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും, എല്ലാ പോലീസ് ആഫീസുകളിലും പരിസരങ്ങളിലും ഊർജിതമായ ശുചീകരണ പ്രവർത്തനം നടത്തുകയും. അയർക്കുന്നം ടൌൺ, ബസ് സ്റ്റാൻഡ് , ചിങ്ങവനം, എരുമേലി പോലീസ് ക്വാർട്ട്സ് ,വാകത്താനം, മണിമല വില്ലേജ് ആഫീസ് , പൊൻകുന്നം മണ്ണൻപ്ലാവ് ആയുർവേദ ആശുപത്രി ,പള്ളിക്കത്തോട് ഗവ.വെറ്റിനറി ആശുപത്രി , പാമ്പാടി താലൂക്ക് ആശുപത്രി , മണർകാട് ഗവ.യു.പി സ്കൂൾ ,പൂഞ്ഞാർ PHC , മരങ്ങാട്ടുപള്ളി ഗവ.ആയുർവേദ ആശുപത്രി , കടുത്തുരുത്തി സബ് ട്രഷറി ,വെള്ളൂർ HNL, കുറവിലങ്ങാട് ഗവ.ഹോമിയോ ആശുപത്രി , വടയാർ ഗവ.ആശുപത്രി , വൈക്കം താലൂക്ക് ആശുപത്രി എന്നീ പൊതു സ്ഥാപനങ്ങളും പരിസരങ്ങളും ജില്ലയിലെ അതാത് പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ടുള്ള ശുചീകരണ പ്രവർത്തനം നടത്തിയിട്ടുള്ളതാണ്.